പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 423

28.06.2011 ൽ
മറുപടിയ്ക്ക്

## കൊരട്ടി ഇൻഫോപാർക്കിന്റെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) കൊരട്ടി ഇൻഫോപാർക്കിൽ ഇപ്പോൾ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുവെന്നും ഇതിൽ എത്ര പേർക്ക് തൊഴിലവസരം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ ; | എ) കൊരട്ടി ഇൻഫോപാർക്കിൽ 30 കമ്പനികളിലായി ഏകദേശം 350 പേർ ജോലി ചെയ്യുന്നുണ്ട്. |
| ബി) ഇൻഫോപാർക്കിന്റെ അടുത്ത ഘട്ട വികസനം ഏത് രൂപത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഇൻഫോപാർക്കിന് പ്രത്യേക സാമ്പത്തിക മേഖല പദവി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ നടപടിക്രമങ്ങൾ വിശദമാക്കാമോ ; | (ബി) യും (സി) യും<br>ഇൻഫോപാർക്ക് തൃശ്ശൂരിന്റെ (കൊരട്ടി) മൂന്നാംഘട്ട വികസനം 25 ഏക്കറിൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അധിക ഭൂമി ലഭിക്കുന്ന മുറയ്ക്ക് മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. **Vaigai Threads** ൽ നിന്നും ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമിയും കൂടി ഇൻഫോപാർക്കിന് വിട്ടു കിട്ടിയാൽ പ്രത്യേക സാമ്പത്തിക മേഖലാ പദവിക്ക വേണ്ടി അപേക്ഷ നൽകാനാകും. എന്നാൽ ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. |
| സി) ഇൻഫോപാർക്കിന് സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നിന്നും 10 ഏക്കർ കൂടി കൈമാറുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ